# പെസഹാവ്യാഴം

## കർമ്മക്രമം

കാർമികനും ശുശ്രൂഷികളും സഹായികളും ക്രമപ്രകാരമുള്ള തിരുവസ്ത്രങ്ങളിഞ്ഞ്, കുർബാനക്രമത്തിൽ നിർദേശിച്ചിരിക്കുന്നതുപോലെ, പ്രദക്ഷിണമായി വചനവേദിയിൽ (ബേമ്മ) വന്നു ജനാഭിമുഖമായി നില്ക്കുന്നു. പ്രദക്ഷിണസമയത്ത് താഴെക്കാണുന്ന ഗീതം ആലപിക്കുന്നു. ഉചിതമായ മറ്റൊരു ഗീതം ആലപിക്കാവുന്നതാണ്.

### പ്രാരംഭഗീതം

(പുലരിയിൽ നിദ്രയുണർന്നങ്ങേ ...)

മർത്ത്യനു ജീവൻ നല്കിടാൻ
സ്ഥാപിച്ചീശോ സെഹിയോനിൽ
നിത്യത പകരും കൂദാശ,
മരണംവരെയും സ്നേഹിച്ചു.

ഗുരുവും നാഥനുമാം മിശിഹാ
ശിഷ്യഗണത്തിൻ പാദങ്ങൾ
കഴുകി സുമാതൃക നല്കുകയായ്
സകലരുമതുപോൽ ചെയ്തിടാൻ.

അന്നു മുറിച്ചവനേകിയതാം
അപ്പം പാവനഗാത്രം താൻ
നമ്മുടെ ജീവിതമതുപോലെ
മർത്ത്യർക്കായിഹ മുറിയേണം.

കർത്താവിൻ തിരുസാന്നിധ്യം
നീക്കും നമ്മുടെ രോഗങ്ങൾ
പാപം പരിചിൽ പോക്കിടാൻ
ദിവ്യൗഷധമവനീയുലകിൽ.

തിരുവോസ്തിയിൽ നിന്നൻപോടെ
നമ്മെ നാഥൻ ദർശിപ്പൂ
നമ്മെ ദൈവികരാക്കിടാൻ
നാഥൻ നമ്മിൽ വാഴുന്നു.

(വിശുദ്ധ കുർബാന ആരംഭിക്കുന്നു)

**കാർമ്മി.** അന്നാപ്പെസഹാത്തിരുനാളിൽ
കർത്താവരുളിയ കല്പനപോൽ
തിരുനാമത്തിൽച്ചേർന്നീടാം
ഒരുമയൊടീബലിയർപ്പിക്കാം.

**സമൂ.** അനുരഞ്ജിതരായ്ത്തീർന്നീടാം
നവമൊരു പീഠമൊരുക്കീടാം
ഗുരുവിൻ സ്നേഹമൊടീയാഗം
തിരുമുമ്പാകെയണച്ചീടാം.

**കാർമ്മി.** അത്യുന്നതമാം സ്വർല്ലോകത്തിൽ
സർവേശനു സ്തുതിഗീതം. (3)

**സമൂ.** ഭൂമിയിലെന്നും മർത്ത്യനു ശാന്തി
പ്രത്യാശയുമെന്നേക്കും. (3)

(അല്ലെങ്കിൽ)

**കാർമ്മി.** അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി. (3)

**സമൂ.** ആമ്മേൻ. (3)

**കാർമ്മി.** ഭൂമിയിൽ മനുഷ്യർക്കു സമാധാനവും
പ്രത്യാശയും എപ്പോഴും എന്നേക്കും.

**സമൂ.** ആമ്മേൻ.

**കാർമ്മി.** സ്വർഗസ്ഥിതനാം താതാ നിൻ
നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ
പരിശുദ്ധൻ നീ പരിശുദ്ധൻ.

**സമൂ.** സ്വർഗസ്ഥിതനാം താതാ നിൻ
സ്തുതിതൻ നിസ്തുല മഹിമാവാൽ
ഭൂസ്വർഗങ്ങൾ നിറഞ്ഞു സദാ
പാവനമായി വിളങ്ങുന്നു.

വാനവമാനവവൃന്ദങ്ങൾ
ഉദ്ഘോഷിപ്പൂ സാമോദം
പരിശുദ്ധൻ നീ എന്നെന്നും
പരിശുദ്ധൻ നീ പരിശുദ്ധൻ.

സ്വർഗസ്ഥിതനാം താതാ നിൻ
നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ
നിൻ ഹിതമിവിടെ ഭവിക്കണമേ.

സ്വർഗത്തെന്നതുപോലുലകിൽ-
നിൻ ചിത്തം നിറവേറണമേ
ആവശ്യകമാമാഹാരം
ഞങ്ങൾക്കിന്നരുളീടണമേ.

ഞങ്ങൾ കടങ്ങൾ പൊറുത്തതുപോൽ
ഞങ്ങൾക്കുള്ള കടം സകലം
പാപത്തിൻ കടബാദ്ധ്യതയും
അങ്ങു കനിഞ്ഞു പൊറുക്കണമേ.

ഞങ്ങൾ പരീക്ഷയിലൊരുനാളും
ഉൾപ്പെടുവാനിടയാകരുതേ
ദുഷ്ടാരൂപിയിൽനിന്നെന്നും
ഞങ്ങളെ രക്ഷിച്ചരുളണമേ.

എന്തെന്നാലെന്നാളേക്കും
രാജ്യം ശക്തി മഹത്ത്വങ്ങൾ
താവകമല്ലോ കർത്താവേ
ആമ്മേനാമ്മേനെന്നേക്കും.

**കാർമി.** താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതൽക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

**സമൂ.** സ്വർഗസ്ഥിതനാം താതാ നിൻ
നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ
പരിശുദ്ധൻ നീ പരിശുദ്ധൻ.

സ്വർഗസ്ഥിതനാം താതാ നിൻ
സ്തുതിതൻ നിസ്തുല മഹിമാവാൽ
ഭൂസ്വർഗങ്ങൾ നിറഞ്ഞു സദാ
പാവനമായി വിളങ്ങുന്നു.

വാനവമാനവവൃന്ദങ്ങൾ
ഉദ്ഘോഷിപ്പൂ സാമോദം
പരിശുദ്ധൻ നീ എന്നെന്നും
പരിശുദ്ധൻ നീ പരിശുദ്ധൻ.

(അല്ലെങ്കിൽ)

**കാർമി.** സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,

(സമൂഹവും ചേർന്ന്)

അങ്ങയുടെ നാമം പൂജിതമാകണമേ.
അങ്ങയുടെ രാജ്യം വരണമേ.
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,
അങ്ങയുടെ മഹത്ത്വത്താൽ
സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു.
മാലാഖമാരും മനുഷ്യരും
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ
എന്ന് ഉദ്ഘോഷിക്കുന്നു.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,
അങ്ങയുടെ നാമം പൂജിതമാകണമേ.
അങ്ങയുടെ രാജ്യം വരണമേ.
അങ്ങയുടെ തിരുമനസ്സ്
സ്വർഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ.

ഞങ്ങൾക്ക് ആവശ്യകമായ ആഹാരം
ഇന്നു ഞങ്ങൾക്കു തരണമേ.
ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ
ഞങ്ങളുടെ കടങ്ങളും പാപങ്ങളും
ഞങ്ങളോടും ക്ഷമിക്കണമേ.
ഞങ്ങൾ പ്രലോഭനത്തിൽ വീഴാൻ ഇടയാകരുതേ.
ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ.

എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്ത്വവും
എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

**കാർമി.** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂ.** ആദിമുതൽ എന്നേക്കും, ആമ്മേൻ.

**കാർമി.** സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,

(സമൂഹവും ചേർന്ന്)

അങ്ങയുടെ നാമം പൂജിതമാകണമേ.
അങ്ങയുടെ രാജ്യം വരണമേ.
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,
അങ്ങയുടെ മഹത്ത്വത്താൽ
സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു.

മാലാഖമാരും മനുഷ്യരും
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ
എന്ന് ഉദ്ഘോഷിക്കുന്നു.

**ശുശ്രൂ.** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമി.** ഞങ്ങളുടെ കർത്താവായ മിശിഹായേ, ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിക്കൊണ്ട് ശുശ്രൂഷയുടെ മാതൃക കാണിക്കുകയും, പരിശുദ്ധ കുർബാന സ്ഥാപിച്ചുകൊണ്ട് സ്വന്തം ശരീരരക്തങ്ങൾ ഭക്ഷണപാനീയങ്ങളായി നല്കുകയും ചെയ്ത നിനക്കു ഞങ്ങൾ നന്ദി പറയുന്നു. സ്നേഹത്തിന്റെ കൂദാശയായി നീ സ്ഥാപിച്ചുനല്കിയ ഈ ദിവ്യരഹസ്യങ്ങൾ നിർമ്മലമനഃസാക്ഷിയോടും വിശുദ്ധ വിചാരങ്ങളോടുംകൂടെ അർപ്പിക്കാൻ ഞങ്ങളെ യോഗ്യരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

## സങ്കീർത്തനം 135

**കാർമി.** കർത്താവിൻ സ്തുതി പാടിടുവിൻ
നല്ലവനാണവനെന്നാളും
അവനുടെ കരുണയനാദിമുതൽ
ചിരകാലം നിലനില്ക്കുന്നു.

**സമൂ.** അത്യുന്നതനാം ദൈവത്തെ
കീർത്തിപ്പിൻ, സ്തുതി പാടിടുവിൻ
മഹിതം വിസ്മയകൃത്യങ്ങൾ
വിരചിപ്പതു തൻ കരമല്ലോ.

വാനും ഭൂവും തിരുനാഥൻ
ജ്ഞാനത്താലന്നുളവാക്കി
പകലിനു ദീപ്തി പകർന്നിടാൻ
സൂര്യനു കല്പനയവനേകി.

താരാവലിയും പനിമതിയും
കർത്താവിൻ കരവിരുതല്ലോ
രാവിൽ പ്രഭയായ് തെളിയാനായ്
അവിടന്നവയെ സൃഷ്ടിച്ചു.

പരിപാലനയും കരബലവും
ഇസ്രായേലിനു വെളിവാക്കി
മെസ്രേൻനാട്ടിൽനിന്നവരെ
കരുണാപൂർവം മോചിച്ചു.

സ്വന്തജനത്തിനു പാർക്കാനായ്
അൻപൊടു ദേശമവൻ നല്കി
ഓഹരിയായ് അവകാശവുമായ്
തന്നത്തന്നെയവർക്കേകി.

നമ്മുടെ താഴ്മയിലഖിലേശൻ
അലിവൊടു നമ്മെയോർമിച്ചു
വൈരിഗണത്തിൽനിന്നുമവൻ
നമ്മെ കനിവൊടു രക്ഷിച്ചു.

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

(അല്ലെങ്കിൽ)

**കാർമി.** കർത്താവിനെ നിങ്ങൾ സ്തുതിക്കുവിൻ;
അവിടന്നു നല്ലവനാകുന്നു;
അവിടത്തെ കാരുണ്യം അനന്തമാണ്.

**സമൂ.** കർത്താവിനെ നിങ്ങൾ സ്തുതിക്കുവിൻ;
അവിടന്നു നല്ലവനാകുന്നു;
അവിടത്തെ കാരുണ്യം അനന്തമാണ്.

**കാർമി.** മഹോന്നതനായ ദൈവത്തെ സ്തുതിക്കുവിൻ;
അവിടത്തെ കാരുണ്യം അനന്തമാണ്.

**സമൂ.** കർത്താവിനെ നിങ്ങൾ സ്തുതിക്കുവിൻ;
അവിടന്നു നല്ലവനാകുന്നു;
അവിടത്തെ കാരുണ്യം അനന്തമാണ്.

**കാർമി.** നാഥന്മാരുടെ നാഥനെ സ്തുതിക്കുവിൻ;
അവിടത്തെ കാരുണ്യം അനന്തമാണ്.

**സമൂ.** കർത്താവിനെ നിങ്ങൾ സ്തുതിക്കുവിൻ;
അവിടന്നു നല്ലവനാകുന്നു;
അവിടത്തെ കാരുണ്യം അനന്തമാണ്.

**കാർമി.** ഈജിപ്തിലെ കടിഞ്ഞൂൽപുത്രരെ
സംഹരിച്ചവനെ സ്തുതിക്കുവിൻ

**സമൂ.** കർത്താവിനെ നിങ്ങൾ സ്തുതിക്കുവിൻ;
അവിടന്നു നല്ലവനാകുന്നു;
അവിടത്തെ കാരുണ്യം അനന്തമാണ്.

**കാർമി.** അവരുടെ ഇടയിൽനിന്ന് ഇസ്രായേൽജനത്തെ
മോചിച്ചവനെ സ്തുതിക്കുവിൻ

**സമൂ.** കർത്താവിനെ നിങ്ങൾ സ്തുതിക്കുവിൻ;
അവിടന്നു നല്ലവനാകുന്നു;
അവിടത്തെ കാരുണ്യം അനന്തമാണ്.

**കാർമി.** കടലിനെ വിഭജിച്ചവനെ സ്തുതിക്കുവിൻ;
അവിടത്തെ കാരുണ്യം അനന്തമാണ്.

**സമൂ.** കർത്താവിനെ നിങ്ങൾ സ്തുതിക്കുവിൻ;
അവിടന്നു നല്ലവനാകുന്നു;
അവിടത്തെ കാരുണ്യം അനന്തമാണ്.

**കാർമി.** ഫറവോയെയും സൈന്യത്തെയും
കടലിൽ താഴ്ത്തിയവനെ സ്തുതിക്കുവിൻ.

**സമൂ.** കർത്താവിനെ നിങ്ങൾ സ്തുതിക്കുവിൻ;
അവിടന്നു നല്ലവനാകുന്നു;
അവിടത്തെ കാരുണ്യം അനന്തമാണ്.

**കാർമി.** ശക്തരായ രാജാക്കന്മാരെ
നിഹനിച്ചവനെ സ്തുതിക്കുവിൻ.

**സമൂ.** കർത്താവിനെ നിങ്ങൾ സ്തുതിക്കുവിൻ;
അവിടന്നു നല്ലവനാകുന്നു;
അവിടത്തെ കാരുണ്യം അനന്തമാണ്.

**കാർമി.** അവരുടെ ദേശം അവകാശമായി
ജനത്തിനേകിയവനെ സ്തുതിക്കുവിൻ.

**സമൂ.** കർത്താവിനെ നിങ്ങൾ സ്തുതിക്കുവിൻ;
അവിടന്നു നല്ലവനാകുന്നു;
അവിടത്തെ കാരുണ്യം അനന്തമാണ്.

**കാർമി.** വൈരികളിൽനിന്നു നമ്മെ
രക്ഷിച്ചവനെ സ്തുതിക്കുവിൻ.

**സമൂ.** കർത്താവിനെ നിങ്ങൾ സ്തുതിക്കുവിൻ;
അവിടന്നു നല്ലവനാകുന്നു;
അവിടത്തെ കാരുണ്യം അനന്തമാണ്.

**കാർമി.** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂ.** ആദിമുതൽ എന്നേക്കും, ആമ്മേൻ.

**കാർമി.** ഞങ്ങളുടെ രക്ഷകനായ ദൈവമേ,
ഞങ്ങളെ സഹായിക്കണമേ.
അങ്ങയുടെ തിരുനാമത്തെപ്രതി
ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കുകയും ചെയ്യണമേ.

**ശുശ്രൂ.** നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമി.** മഹോന്നതനായ കർത്താവേ, അങ്ങയുടെ ഭയഭക്തിജനകമായ ന്യായാസനത്തിന്റെയും ഉന്നതമായ ത്രോണോസിന്റെയും അലംകൃതവും സ്തുത്യർഹവുമായ സിംഹാസനത്തിന്റെയും മുമ്പാകെ അങ്ങയുടെ ശുശ്രൂഷകരായ ക്രോവേമാർ ഇടവിടാതെ സ്തുതിക്കുകയും സ്രാപ്പേമാർ പരിശുദ്ധൻ എന്നു നിരന്തരം ഉദ്ഘോഷിക്കുകയും ചെയ്യുന്നു. അവരോടുചേർന്നു ഞങ്ങളും അങ്ങേക്ക് ഭയഭക്തികളോടെ സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

## മദ്ബഹാഗീതം (ഓനീസാ ദ്കങ്കേ)

(നാഥനിലെന്നും നമ്മുടെ ഹൃദയം ...)

**ഗായക.I** അങ്ങയുടെ സമൃദ്ധമായ നന്മകളെ അവർ വിളിച്ചറിയിക്കും.

പെസഹാനാളിൽ സ്ഥാപിച്ചല്ലോ പാവനകൂദാശ
പങ്കാളികളായത്തീർത്തു തൻ ബലിയിൽ കൃപയോടെ
അപ്പവുമതുപോൽ വീഞ്ഞും തിരുമെയ്യും രക്തവുമായ്
രക്ഷപകർന്നീടാനായ് വന്നവനാം കർത്താവേ
ഭക്തിയോടെന്നും ഞങ്ങൾ വാഴ്ത്തി മുദാ കീർത്തിച്ചീടട്ടെ.

**ഗായക.II** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

പെസഹാനാളിൽ സ്ഥാപിച്ചല്ലോ പാവനകൂദാശ ...

**ഗായക.I** ആദിമുതൽ എന്നേക്കും, ആമ്മേൻ.

സ്ലീവാ നമ്മൾക്കെന്നും നന്മകൾ തന്നുറവിടമാം
രക്ഷിതമായതുവഴിയായ് മർത്ത്യഗണം കർത്താവേ
കുരിശിതു ഞങ്ങൾക്കെന്നും ശക്തിയെഴും കോട്ടയുമാം
ദുഷ്ടാത്മാവിനെ ഞങ്ങൾ അതുവഴിയായ് തോല്പിച്ചീടട്ടെ.

ശുശ്രൂഷികൾ ധൂപകലശവും കുന്തുരുക്കവും കൊണ്ടു വരുന്നു. കാർമികൻ ധൂപകലശത്തിൽ മൂന്നു പ്രാവശ്യം കുന്തുരുക്കമിട്ട് താഴെവരുന്ന പ്രാർത്ഥന താഴ്ന്നസ്വരത്തിൽ ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്നു.

**കാർമി.** പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, അങ്ങയുടെ ബഹുമാനത്തിനായി ഞങ്ങൾ സമർപ്പിക്കുന്ന ഈ ധൂപം അങ്ങയുടെ മഹനീയത്രിത്വത്തിന്റെ നാമത്തിൽ ✠ ആശീർവദിക്കപ്പെടട്ടെ. ഇത് അങ്ങയുടെ പ്രസാദത്തിനും അങ്ങയുടെ അജഗണത്തിന്റെ പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ, എന്നേക്കും.

**ശുശ്രൂ.** ആമ്മേൻ.

**ശുശ്രൂ.** സമാധാനം നമ്മോടുകൂടെ.

**കാർമി.** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ സ്നേഹത്തിന്റെ പരിമളം ഞങ്ങളിൽ വീശുകയും അങ്ങയുടെ സത്യത്തിന്റെ ജ്ഞാനം ഞങ്ങളുടെ ആത്മാക്കളെ പ്രകാശിപ്പിക്കുകയും ചെയ്യുമ്പോൾ, സ്വർഗത്തിൽനിന്നു പ്രത്യക്ഷനാകുന്ന അങ്ങയുടെ തിരുക്കുമാരനെ സ്വീകരിക്കാൻ ഞങ്ങൾക്ക് ഇടയാകട്ടെ. സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞ് മുടിചൂടി നില്ക്കുന്ന സഭയിൽ നിരന്തരം അങ്ങയെ സ്തുതിക്കാനും മഹത്വപ്പെടുത്താനും ഞങ്ങൾ യോഗ്യരാകട്ടെ. എന്തുകൊണ്ടെന്നാൽ, അങ്ങ് എല്ലാറ്റിന്റെയും സ്രഷ്ടാവാകുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

മദ്ബഹയുടെ വിരി നീക്കുന്നു. ശുശ്രൂഷി മദ്ബഹയിൽ പ്രവേശിച്ച് വലത്തുവശത്തുനിന്ന് ആരംഭിച്ച് മദ്ബഹ ധൂപിക്കുന്നു. തുടർന്ന് ദൈവാലയത്തിന്റെ പ്രധാനകവാടം വരെ ധൂപാർപ്പണം നടത്തുന്നത് ഉചിതമാണ്.

**ഗായക. സമൂ.** സർവാധിപനാം കർത്താവേ,
നിൻ സ്തുതി ഞങ്ങൾ പാടുന്നു
ഈശോ നാഥാ, വിനയമൊടെ
നിന്നെ നമിച്ചു പുകഴ്ത്തുന്നു.

മർത്ത്യനു നിത്യമഹോന്നതമാം
ഉത്ഥാനം നീയരുളുന്നു
അക്ഷയമവനുടെയാത്മാവി-
ന്നുത്തമരക്ഷയുമേകുന്നു.

**വചന വേദിയിലുള്ളവർ** കർത്താവ് എത്രയോ നല്ലവനാണെന്ന്
നിങ്ങൾതന്നെ അനുഭവിച്ചറിയുവിൻ. (സങ്കീ 34, 8)

സർവാധിപനാം ...

ഗായക. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

സർവാധിപനാം ...

(അല്ലെങ്കിൽ)

ഗായക. സകലത്തിന്റെയും നാഥാ,
സമൂ. നിന്നെ ഞങ്ങൾ സ്തുതിക്കുന്നു;
ഈശോമിശിഹായേ,
നിന്നെ ഞങ്ങൾ പുകഴ്ത്തുന്നു.
എന്തുകൊണ്ടെന്നാൽ,
നീ ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും
ആത്മാക്കളെ രക്ഷിക്കുന്നവനുമാകുന്നു.

വചന വേദിയിലുള്ളവർ കർത്താവ് എത്രയോ നല്ലവനാണെന്ന്
നിങ്ങൾതന്നെ അനുഭവിച്ചറിയുവിൻ. (സങ്കീ 34, 8)

സകലത്തിന്റെയും നാഥാ, ...

ഗായക. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

സകലത്തിന്റെയും നാഥാ, ...

ശുശ്രൂ. നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമി. എന്റെ കർത്താവേ, നീ സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും, ആത്മാക്കളെ രക്ഷിക്കുന്നവനും ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. ഞങ്ങൾ എപ്പോഴും നിനക്കു സ്തുതിയും കൃതജ്ഞതയും ആരാധനയും സമർപ്പിക്കാൻ കടപ്പെട്ടവരാകുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

ശുശ്രൂ. ശബ്ദമുയർത്തിപ്പാടിടുവിൻ
സർവരുമൊന്നായ് പാടിടുവിൻ
എന്നെന്നും ജീവിക്കും
സർവേശ്വരനെ വാഴ്ത്തിടുവിൻ.

ഗായക. പരിപാവനനാം സർവേശാ,
സമൂ. പരിപാവനനാം ബലവാനേ,
പരിപാവനനാം അമർത്ത്യനേ,
കാരുണ്യം നീ ചൊരിയണമേ.

**വചന വേദിയിലുള്ളവർ** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
പരിപാവനനാം സർവേശാ, ...

**ഗായക.** ആദിമുതൽ എന്നേക്കും, ആമ്മേൻ.

**സമൂ.** പരിപാവനനാം സർവേശാ, ...

(അല്ലെങ്കിൽ)

**ശുശ്രൂ.** സഹോദരരേ, നിങ്ങൾ സ്വരമുയർത്തി
ജീവിക്കുന്ന ദൈവത്തെ പ്രകീർത്തിക്കുവിൻ.

**ഗായക.** പരിശുദ്ധനായ ദൈവമേ,
**സമൂ.** പരിശുദ്ധനായ ബലവാനേ,
പരിശുദ്ധനായ അമർത്ത്യനേ,
ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**വചന വേദിയിലുള്ളവർ** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
പരിശുദ്ധനായ ദൈവമേ, ...

**ഗായക** ആദിമുതൽ എന്നേക്കും, ആമ്മേൻ.

**സമൂ.** പരിശുദ്ധനായ ദൈവമേ, ...

**ശുശ്രൂ.** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമി.** വിശുദ്ധരിൽ സംപ്രീതനായി വസിക്കുന്ന പരിശുദ്ധനും സ്തുത്യർഹനും ബലവാനും അമർത്ത്യനുമായ കർത്താവേ, അങ്ങയുടെ സ്വഭാവത്തിനൊത്തവിധം എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും ഞങ്ങളോടു കരുണ കാണിക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

## ഒന്നാം വായന

ഒന്നാം വായനക്കാരൻ വലത്തുവശത്തുള്ള പ്രഘോഷണ പീഠത്തിങ്കൽ ചെന്ന് പഴയനിയമപ്രഘോഷണഗ്രന്ഥം എടുക്കുന്നു. ജനങ്ങൾക്ക് അഭിമുഖമായിനിന്നു പറയുന്നു.

**ശുശ്രൂ.** സഹോദരരേ, നിങ്ങൾ ഇരുന്നു ശ്രദ്ധയോടെ കേൾക്കുവിൻ.

സമൂഹം ഇരിക്കുന്നു.

പുറപ്പാടിന്റെ പുസ്തകത്തിൽനിന്നുള്ള വായന. (12, 1-20)

കാർമികനുനേരേ തിരിഞ്ഞ്, തലകുനിച്ച്, ആശീർവാദം യാചിക്കുന്നു.

കർത്താവേ, ആശീർവദിക്കണമേ.

താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്നു.

**കാർമി.** തന്റെ പ്രബോധനത്താൽ നമ്മെ ജ്ഞാനികളാക്കുന്ന സകലത്തിന്റെയും നാഥനായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. അവിടത്തെ കൃപ നിന്നിലും ✠ നിന്നെ കേൾക്കുന്നവരിലും നിരന്തരം വർഷിക്കപ്പെടട്ടെ.

(അല്ലെങ്കിൽ)

ദൈവം ✠ അനുഗ്രഹിക്കട്ടെ.

കാർമികനും വചനവേദിയിലുള്ളവരും ഇരിക്കുന്നു. വായനക്കാരൻ ജനങ്ങൾക്കഭിമുഖമായിനിന്നു വായിക്കുന്നു.

**ശുശ്രൂ.** കർത്താവ് ഈജിപ്തിൽ വച്ചു മോശയോടും അഹറോനോടും അരുൾച്ചെയ്തു: ഈ മാസം നിങ്ങൾക്കു വർഷത്തിന്റെ ആദ്യമാസമായിരിക്കണം. ഇസ്രായേൽ സമൂഹത്തോടു മുഴുവൻ പറയുവിൻ: ഈ മാസം പത്താംദിവസം ഓരോ കുടുംബത്തലവനും ഓരോ ആട്ടിൻകുട്ടിയെ കരുതിവയ്ക്കണം; ഒരു വീടിന് ഒരാട്ടിൻകുട്ടി വീതം. ഏതെങ്കിലും കുടുംബം ഒരാട്ടിൻകുട്ടിയെ മുഴുവൻ ഭക്ഷിക്കാൻമാത്രം വലുതല്ലെങ്കിൽ ആളുകളുടെ എണ്ണം നോക്കി അയൽക്കുടുംബത്തെയും പങ്കുചേർക്കട്ടെ. ഭക്ഷിക്കാനുള്ള കഴിവു പരിഗണിച്ചുവേണം ഒരാടിനു വേണ്ട ആളുകളുടെ എണ്ണം നിശ്ചയിക്കാൻ.

കോലാടുകളിൽനിന്നോ ചെമ്മരിയാടുകളിൽനിന്നോ ആട്ടിൻകുട്ടിയെ തിരഞ്ഞെടുത്തുകൊള്ളുക; എന്നാൽ, അത് ഒരു വയസ്സുള്ളതും ഊനമറ്റതുമായ മുട്ടാട് ആയിരിക്കണം. ഈ മാസം പതിനാലാം ദിവസംവരെ അതിനെ സൂക്ഷിക്കണം. ഇസ്രായേൽ സമൂഹം മുഴുവൻ തങ്ങളുടെ ആട്ടിൻകുട്ടികളെ അന്നു സന്ധ്യയ്ക്കു കൊല്ലണം. അതിന്റെ രക്തത്തിൽനിന്നു കുറച്ചെടുത്ത് ആടിനെ ഭക്ഷിക്കാൻ കൂടിയിരിക്കുന്ന വീടിന്റെ രണ്ടു കട്ടിളക്കാലുകളിലും മേല്പടിയിലും പുരട്ടണം. അവർ അതിന്റെ മാംസം തീയിൽ ചുട്ട്, പുളിപ്പില്ലാത്ത അപ്പവും കയ്പുള്ള ഇലകളും കൂട്ടി, അന്നുരാത്രി ഭക്ഷിക്കണം. ചുട്ടല്ലാതെ പച്ചയായോ വെള്ളത്തിൽ വേവിച്ചോ ഭക്ഷിക്കരുത്. അതിനെ മുഴുവനും, തലയും കാലും ഉൾഭാഗവുമടക്കം, ചുട്ട്

ഭക്ഷിക്കണം. പ്രഭാതമാകുമ്പോൾ അതിൽ യാതൊന്നും അവശേഷിക്കരുത്. എന്തെങ്കിലും മിച്ചം വന്നാൽ തീയിൽ ദഹിപ്പിക്കണം.

ഇപ്രകാരമാണ് അതു ഭക്ഷിക്കേണ്ടത്: അരമുറുക്കി ചെരുപ്പുകളണിഞ്ഞ് വടി കൈയിലേന്തി തിടുക്കത്തിൽ ഭക്ഷിക്കണം. കാരണം, അതു കർത്താവിന്റെ പെസഹായാണ്. ആ രാത്രി ഞാൻ ഈജിപ്തിലൂടെ കടന്നുപോകും. ഈജിപ്തിലെ മനുഷ്യരുടെയും മൃഗങ്ങളുടെയും ആദ്യജാതരെയെല്ലാം ഞാൻ സംഹരിക്കും. ഈജിപ്തിലെ ദേവന്മാർക്കെല്ലാം എതിരായി ഞാൻ ശിക്ഷാവിധി നടത്തും. ഞാനാണു കർത്താവ്. കട്ടിളയിലുള്ള രക്തം നിങ്ങൾ ആ വീട്ടിൽ താമസിക്കുന്നുവെന്നതിന്റെ അടയാളമായിരിക്കും. അതു കാണുമ്പോൾ ഞാൻ നിങ്ങളെ കടന്നുപോകും. ഞാൻ ഈജിപ്തിനെ പ്രഹരിക്കുമ്പോൾ ആ ശിക്ഷ നിങ്ങളെ ബാധിക്കുകയില്ല. ഈ ദിവസം നിങ്ങൾക്ക് ഒരു സ്മരണാ ദിനമായിരിക്കട്ടെ. ഇതു തലമുറതോറും കർത്താവിന്റെ തിരുനാളായി നിങ്ങൾ ആചരിക്കണം. ഇതു നിങ്ങൾക്ക് എന്നേക്കും ഒരു കല്പനയായിരിക്കും.

നിങ്ങൾ ഏഴു ദിവസം പുളിപ്പില്ലാത്ത അപ്പം ഭക്ഷിക്കണം. ഒന്നാംദിവസംതന്നെ നിങ്ങളുടെ വീടുകളിൽനിന്ന് പുളിമാവു നീക്കം ചെയ്യണം. ഒന്നുമുതൽ ഏഴുവരെയുള്ള ദിവസങ്ങളിൽ ആരെങ്കിലും പുളിച്ച അപ്പം ഭക്ഷിച്ചാൽ അവൻ ഇസ്രായേലിൽനിന്നു വിച്ഛേദിക്കപ്പെടണം. ഒന്നാം ദിവസവും ഏഴാം ദിവസവും നിങ്ങൾ വിശുദ്ധസമ്മേളനം വിളിച്ചു കൂട്ടണം. ആ ദിവസങ്ങളിൽ വേല ചെയ്യരുത്. എന്നാൽ, ഭക്ഷിക്കാനുള്ളതു പാകം ചെയ്യാം. പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ നിങ്ങൾ ആചരിക്കണം. കാരണം, ഈ ദിവസമാണ് ഞാൻ നിങ്ങളുടെ വ്യൂഹങ്ങളെ ഈജിപ്തിൽനിന്നു പുറത്തുകൊണ്ടുവന്നത്. നിങ്ങൾ തലമുറ തോറും ഈ ദിവസം ആചരിക്കണം. ഇത് എന്നേക്കുമുള്ള കല്പനയാണ്.

ആദ്യ മാസത്തിലെ പതിനാലാം ദിവസം സന്ധ്യ മുതൽ ഇരുപത്തൊന്നാം ദിവസം സന്ധ്യവരെ നിങ്ങൾ പുളിപ്പില്ലാത്ത അപ്പം ഭക്ഷിക്കണം. നിങ്ങളുടെ വീടുകളിൽ ഏഴു ദിവസത്തേക്കു പുളിമാവു കാണരുത്. ആരെങ്കിലും പുളിപ്പുള്ള അപ്പം ഭക്ഷിച്ചാൽ അവൻ, വിദേശിയോ സ്വദേശിയോ ആകട്ടെ, ഇസ്രായേൽ സമൂഹത്തിൽനിന്നു വിച്ഛേദിക്കപ്പെടണം. പുളിപ്പിച്ച യാതൊന്നും നിങ്ങൾ ഭക്ഷിക്കരുത്. നിങ്ങൾ വസിക്കുന്നിടത്തെല്ലാം പുളിപ്പില്ലാത്ത അപ്പം മാത്രമേ ഭക്ഷിക്കാവൂ.

## രണ്ടാം വായന

**ശുശ്രൂ.** സഹോദരരേ, നിങ്ങൾ ശ്രദ്ധയോടെ കേൾക്കുവിൻ. മലാക്കിയുടെ പുസ്തകത്തിൽനിന്നുള്ള വായന.

(1, 10-14)

കാർമികനുനേരേ തിരിഞ്ഞ്, തലകുനിച്ച്, ആശീർവാദം യാചിക്കുന്നു.

കർത്താവേ, ആശീർവദിക്കണമേ.

താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്നു.

**കാർമി.** തന്റെ പ്രബോധനത്താൽ നമ്മെ ജ്ഞാനികളാക്കുന്ന സകലത്തിന്റെയും നാഥനായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. അവിടത്തെ കൃപ നിന്നിലും ✠ നിന്നെ കേൾക്കുന്നവരിലും നിരന്തരം വർഷിക്കപ്പെടട്ടെ.

(അല്ലെങ്കിൽ)

ദൈവം ✠ അനുഗ്രഹിക്കട്ടെ.

വായനക്കാരൻ ജനങ്ങൾക്കഭിമുഖമായിനിന്നു വായിക്കുന്നു.

**ശുശ്രൂ.** നിങ്ങൾ എന്റെ ബലിപീഠത്തിൽ വ്യർഥമായി തീ കത്തിക്കാതിരിക്കാൻ നിങ്ങളിൽ ആരെങ്കിലും വാതിൽ അടച്ചിരുന്നെങ്കിൽ! നിങ്ങളിൽ എനിക്കു പ്രീതിയില്ല. നിങ്ങളുടെ കരങ്ങളിൽനിന്നു ഞാൻ ഒരു കാഴ്ചയും സ്വീകരിക്കുകയില്ല - സൈന്യങ്ങളുടെ കർത്താവ് അരുൾച്ചെയ്യുന്നു.

സൂര്യോദയംമുതൽ അസ്തമയംവരെ എന്റെ നാമം ജനതകളുടെയിടയിൽ മഹത്വപൂർണമാണ്. എല്ലായിടത്തും എന്റെ നാമത്തിനു ധൂപവും ശുദ്ധമായ കാഴ്ചയും അർപ്പിക്കപ്പെടുന്നു. എന്തെന്നാൽ, ജനതകളുടെ ഇടയിൽ എന്റെ നാമം ഉന്നതമാണ് - സൈന്യങ്ങളുടെ കർത്താവ് അരുൾച്ചെയ്യുന്നു.

കർത്താവിന്റെ ബലിപീഠത്തെ നിന്ദിക്കാം, നിന്ദ്യമായ ഭോജനം അതിൽ അർപ്പിക്കാം എന്നു കരുതുമ്പോൾ നിങ്ങൾ അതിനെ മലിനമാക്കുന്നു.

സൈന്യങ്ങളുടെ കർത്താവ് അരുൾച്ചെയ്യുന്നു: ഞങ്ങൾ മടുത്തു എന്നു പറഞ്ഞ് നിങ്ങൾ എനിക്കെതിരേ ചീറുന്നു. അക്രമംകൊണ്ടു പിടിച്ചെടുത്തതിനെയും, മുടന്തുള്ളതിനെയും, രോഗം ബാധിച്ചതിനെയും നിങ്ങൾ കാഴ്ചയായി അർപ്പിക്കുന്നു! നിങ്ങളുടെ കൈകളിൽനിന്നു ഞാൻ അതു സ്വീകരിക്കണമോ? - കർത്താവു ചോദിക്കുന്നു.

തന്റെ ആട്ടിൻകൂട്ടത്തിൽ മുട്ടാട് ഉണ്ടായിരിക്കുകയും അതിനെ നേരുകയും ചെയ്തിട്ട്, ഊനമുള്ളതിനെ കർത്താവിനു ബലിയർപ്പിക്കുന്ന വഞ്ചകനു ശാപം. സൈന്യങ്ങളുടെ കർത്താവ് അരുൾച്ചെയ്യുന്നു: ഞാൻ ഉന്നതനായ രാജാവാണ്. ജനതകൾ എന്റെ നാമം ഭയപ്പെടുന്നു.

സമൂ. ദൈവമായ കർത്താവിനു സ്തുതി.

ശുശ്രൂ. പ്രകീർത്തനം ആലപിക്കാനായി
നിങ്ങൾ എഴുന്നേല്ക്കുവിൻ

## പ്രകീർത്തനം (ശൂറായ)

(ബ്രീകീത്തോൻ ... / അംബരമനവരതം ...)

കാർമി. അംബരമനവരതം
ദൈവമഹത്വത്തെ
വാഴ്ത്തിപ്പാടുന്നു.

ദിവ്യാത്മാവിൻ ഗീതികളാൽ
ഹല്ലേലൂയ്യാ ഗീതികളാൽ
കർത്താവിൻ തിരുപെസഹാതൻ
നിർമലമാകുമനുസ്മരണം
കൊണ്ടാടാം ഇന്നീ വേദികയിൽ.

ശുശ്രൂ.II ജനതകളവിടത്തെ
മഹിമകൾ പാടുന്നു
താണുവണങ്ങുന്നു.

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

കാർമി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

ശുശ്രൂ.I ആദിയിലെപ്പോലെ
ഇപ്പൊഴുമെപ്പോഴും
എന്നേക്കും, ആമ്മേൻ.

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

ശുശ്രൂ. ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ.
നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമി.** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ ജീവദായകവും ദൈവികവുമായ കല്പനകളുടെ മധുരസ്വരം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കണമേ. അതുവഴി ആത്മശരീരങ്ങൾക്കുപകരിക്കുന്ന സ്നേഹവും ശരണവും രക്ഷയും ഞങ്ങളിൽ ഫലമണിയുന്നതിനും നിരന്തരം ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നതിനും അങ്ങയുടെ കാരുണ്യത്താലും അനുഗ്രഹത്താലും ഞങ്ങളെ സഹായിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

## ലേഖനം

ഒന്നാം ശുശ്രൂഷി ഇടത്തുവശത്തുള്ള പ്രഘോഷണ പീഠത്തിങ്കൽ ചെന്ന് ലേഖനഗ്രന്ഥം എടുത്തു ജനങ്ങൾക്ക് അഭിമുഖമായിനിന്നു പറയുന്നു.

**ശുശ്രൂ.** സഹോദരരേ, പൗലോസ് ശ്ലീഹാ കോറിന്തോസിലെ സഭയ്ക്ക് എഴുതിയ ഒന്നാം ലേഖനം. (11, 23–29)

കാർമികനുനേരേ തിരിഞ്ഞ്, തലകുനിച്ച്, ആശീർവാദം യാചിക്കുന്നു.

കർത്താവേ, ആശീർവദിക്കണമേ.

താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്നു.

**കാർമി.** മിശിഹാ തന്റെ വിശുദ്ധമായ പ്രബോധനത്താൽ നിന്നെ ജ്ഞാനിയാക്കട്ടെ. നിന്റെ അധരങ്ങളിൽനിന്നു പുറപ്പെടുന്ന പ്രബോധകവചനം ശ്രവിക്കുന്ന ഏവർക്കും അവിടന്നു തന്റെ കൃപാതിരേകത്താൽ നിന്നെ നിർമലദർപ്പണമാക്കുകയും ✠ ചെയ്യട്ടെ.

(അല്ലെങ്കിൽ)

മിശിഹാ ✠ അനുഗ്രഹിക്കട്ടെ.

ശുശ്രൂഷി ജനങ്ങൾക്കഭിമുഖമായിനിന്നു വായിക്കുന്നു.

**ശുശ്രൂ.** കർത്താവിൽനിന്ന് എനിക്കു ലഭിച്ചതും ഞാൻ നിങ്ങളെ ഭരമേല്പിച്ചതുമായ കാര്യം ഇതാണ്: കർത്താവായ ഈശോ, താൻ ഒറ്റിക്കൊടുക്കപ്പെട്ട രാത്രിയിൽ, അപ്പമെടുത്ത്, കൃതജ്ഞത അർപ്പിച്ചതിനുശേഷം, അതു മുറിച്ചുകൊണ്ട് അരുൾച്ചെയ്തു: ഇത് നിങ്ങൾക്കുവേണ്ടിയുള്ള എന്റെ ശരീരമാണ്. എന്റെ ഓർമയ്ക്കായി നിങ്ങൾ ഇതു ചെയ്യുവിൻ. അപ്രകാരംതന്നെ, അത്താഴത്തിനു ശേഷം പാനപാത്രമെടുത്ത് അരുൾച്ചെയ്തു: ഇത് എന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടിയാണ്; നിങ്ങൾ ഇതു പാനംചെയ്യുമ്പോഴെല്ലാം എന്റെ ഓർമയ്ക്കായി ചെയ്യുവിൻ.

നിങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും ഈ പാത്രത്തിൽനിന്നു പാനം ചെയ്യുകയും ചെയ്യുമ്പോഴെല്ലാം കർത്താവിന്റെ മരണം, അവന്റെ പ്രത്യാഗമനംവരെ പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്. തന്മൂലം, ആരെങ്കിലും അയോഗ്യതയോടെ കർത്താവിന്റെ അപ്പം ഭക്ഷിക്കുകയും പാത്രത്തിൽനിന്നു പാനംചെയ്യുകയും ചെയ്താൽ അവൻ കർത്താവിന്റെ ശരീരത്തിനും രക്തത്തിനും എതിരേ തെറ്റുചെയ്യുന്നു. അതിനാൽ, ഓരോരുത്തരും ആത്മശോധന ചെയ്തതിനു ശേഷം ഈ അപ്പം ഭക്ഷിക്കുകയും പാത്രത്തിൽനിന്നു പാനംചെയ്യുകയും ചെയ്യട്ടെ. എന്തുകൊണ്ടെന്നാൽ, ശരീരത്തെ വിവേചിച്ചറിയാതെ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നവൻ തന്റെതന്നെ ശിക്ഷാവിധിയാണു ഭക്ഷിക്കുന്നതും പാനംചെയ്യുന്നതും.

**സമൂ.** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

ശുശ്രൂഷികൾ ധൂപകലശവും കുന്തുരുക്കവും കൊണ്ടുവരുന്നു. കാർമികൻ ധൂപകലശത്തിൽ കുന്തുരുക്കമിട്ട് താഴെവരുന്ന പ്രാർഥന ചൊല്ലി ധൂപം ആശീർവദിക്കുന്നു.

**കാർമി.** എന്റെ കർത്താവേ, പാപിനിയായ മറിയം നിന്റെ ശിരസ്സിൽ സുഗന്ധതൈലം പൂശിയപ്പോൾ നിന്നിൽനിന്നു പ്രസരിച്ച ഹൃദ്യമായ പരിമളം ഈ ധൂപത്തോടുകൂടെ ✠ കലരുമാറാകട്ടെ. നിന്റെ ബഹുമാനത്തിനും ഞങ്ങളുടെ കടങ്ങളുടെയും പാപങ്ങളുടെയും മോചനത്തിനുമായി ഈ ധൂപം ഞങ്ങൾ സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**ശുശ്രൂ.** ആമ്മേൻ.

**ശുശ്രൂ.** ഹല്ലേലുയ്യാ. (3)

## ഹല്ലേലുയ്യാഗീതം (സൂമാറ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടിടുന്നേൻ ...)

**ഗായക.** ഹല്ലേലുയ്യാ പാടിടുന്നേൻ
**സമൂ.** ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.

ആശ്രയമരുളും കർത്താവിങ്കൽ
ശരണമണയ്ക്കുക ജീവിതഭാഗ്യം.

നാഥനു സമനായാരുണ്ടുലകിൽ
വിണ്ണിലുമതുപോലീ ധരമേലും?

ദൈവികനന്മകൾ കീർത്തിച്ചീടാൻ
നാവിനു തെല്ലും കഴിവില്ലല്ലോ.

**താതനുമതുപോൽ സുതനും**
**പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.**
**ആദിമുതല്ക്കേയിന്നും നിത്യവു-**
**മായി ഭവിച്ചീടട്ടെ, ആമ്മേൻ.**
**ഹല്ലേലൂയ്യാ പാടീടുന്നേൻ**
**ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ.**

കാർമികൻ താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

കാർമി. **പിതാവിന്റെ മഹത്ത്വത്തിന്റെ തേജസ്സും അവിടത്തെ പ്രതിരൂപവുമായ മിശിഹായേ, മനുഷ്യശരീരത്തോടെ പ്രത്യക്ഷപ്പെടുകയും ഞങ്ങളുടെ ഇരുളടഞ്ഞ ബുദ്ധിയെ സുവിശേഷവെളിച്ചത്താൽ പ്രകാശിപ്പിക്കുകയും ചെയ്ത നിനക്കു ഞങ്ങൾ എപ്പോഴും ആരാധനയും സ്തുതിയും കൃതജ്ഞതയും സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും, ആമ്മേൻ.**

തിരിക്കാലുകൾ, ധൂപകലശം, സ്ലീവ എന്നിവ വഹിക്കുന്നവരോടുകൂടെ കാർമികൻ ബലിപീഠത്തെ സമീപിച്ച് താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട്, സുവിശേഷഗ്രന്ഥമെടുക്കുന്നു.

കാർമി. **ലോകത്തിന്റെ പ്രകാശവും സകലത്തിന്റെയും ജീവനുമായ മിശിഹായേ, നിന്നെ ഞങ്ങളുടെ പക്കലേക്കയച്ച അനന്ത കാരുണ്യത്തിന് എന്നേക്കും സ്തുതി. ആമ്മേൻ.**

കാർമികൻ സുവിശേഷഗ്രന്ഥമെടുത്ത്, നെറ്റിവരെ ഉയർത്തിപ്പിടിക്കുന്നു. ധൂപകലശം, സ്ലീവ, കത്തിച്ച തിരികൾ ഇവ വഹിക്കുന്നവർ മുമ്പെയും കാർമികൻ പിമ്പെയും പ്രദക്ഷിണമായി വചനവേദിയിലേക്കു പോകുന്നു. തത്സമയം കാർമികൻ താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

കാർമി. **കർത്താവായ മിശിഹായേ, നിന്റെ നിയമത്തിൽ ഞങ്ങളെ ജ്ഞാനികളാക്കണമേ. നിന്റെ ജ്ഞാനത്താൽ ഞങ്ങളുടെ മനസ്സിനെ ജ്വലിപ്പിക്കണമേ. നിന്റെ സത്യത്താൽ ഞങ്ങളുടെ ആത്മാക്കളെ വിശുദ്ധീകരിക്കണമേ. അങ്ങനെ, ഞങ്ങൾ എപ്പോഴും നിന്റെ വചനങ്ങൾ പാലിക്കുന്നവരും കല്പനകൾ അനുസരിക്കുന്നവരുമാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും. ആമ്മേൻ.**

പ്രദക്ഷിണം വചനവേദിയിലെത്തുമ്പോൾ

ശുശ്രൂ. **നമുക്കു ശ്രദ്ധാപൂർവംനിന്നു**
**പരിശുദ്ധ സുവിശേഷം ശ്രവിക്കാം.**

(അല്ലെങ്കിൽ)

നിങ്ങൾ മൗനമായിനിന്നു ശ്രദ്ധാപൂർവം
പരിശുദ്ധ സുവിശേഷം ശ്രവിക്കുവിൻ.

സുവിശേഷഗ്രന്ഥംകൊണ്ടു ജനങ്ങളെ ആശീർവദിക്കുമ്പോൾ

**കാർമി.** സമാധാനം ✠ നിങ്ങളോടുകൂടെ.

**സമൂ.** അങ്ങയോടും അങ്ങയുടെ ആത്മാവോടുംകൂടെ.

**കാർമി.** വിശുദ്ധ യോഹന്നാൻ, വിശുദ്ധ മത്തായി
എന്നിവർ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ
പരിശുദ്ധ സുവിശേഷം.

(യോഹന്നാൻ 13, 1-14 + മത്തായി 26, 26-30)

**സമൂ.** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

**കാർമി.** ഈ ലോകംവിട്ട് പിതാവിന്റെ സന്നിധിയിലേക്കു പോകാനുള്ള സമയമായി എന്ന്, പെസഹാത്തിരുനാളിനുമുമ്പ് ഈശോ അറിഞ്ഞു. ലോകത്തിൽ തനിക്കു സ്വന്തമായുള്ളവരെ അവൻ സ്നേഹിച്ചു; അവസാനംവരെ സ്നേഹിച്ചു. അത്താഴസമയത്ത് പിശാച് ശിമയോന്റെ പുത്രനായ യൂദാസ് സ്കറിയോത്തായുടെ മനസ്സിൽ ഈശോയെ ഒറ്റിക്കൊടുക്കാൻ തോന്നിച്ചു. പിതാവ് സകലതും തന്റെ കരങ്ങളിൽ ഏല്പിച്ചിരിക്കുന്നുവെന്നും താൻ ദൈവത്തിൽനിന്നു വരുകയും ദൈവത്തിങ്കലേക്കു പോവുകയും ചെയ്യുന്നുവെന്നും ഈശോ അറിഞ്ഞു.

അത്താഴത്തിനിടയിൽ അവൻ എഴുന്നേറ്റ്, മേലങ്കി മാറ്റി, ഒരു തൂവാലയെടുത്ത് അരയിൽ കെട്ടി. അനന്തരം, ഒരു താലത്തിൽ വെള്ളമെടുത്ത് ശിഷ്യന്മാരുടെ പാദങ്ങൾ കഴുകാനും അരയിൽ ചുറ്റിയിരുന്ന തൂവാലകൊണ്ടു തുടയ്ക്കാനും തുടങ്ങി. അവൻ ശിമയോൻ പത്രോസിന്റെ അടുത്തെത്തി. പത്രോസ് അവനോടു ചോദിച്ചു: കർത്താവേ, നീ എന്റെ കാൽ കഴുകുകയോ? ഈശോ പറഞ്ഞു: ഞാൻ ചെയ്യുന്നതെന്തെന്ന് ഇപ്പോൾ നീ അറിയുന്നില്ല; എന്നാൽ പിന്നീട് അറിയും. പത്രോസ് പറഞ്ഞു: നീ ഒരിക്കലും എന്റെ പാദം കഴുകരുത്. ഈശോ പറഞ്ഞു: ഞാൻ നിന്നെ കഴുകുന്നില്ലെങ്കിൽ നിനക്ക് എന്നോടുകൂടെ പങ്കില്ല. ശിമയോൻ പത്രോസ് പറഞ്ഞു: കർത്താവേ, എങ്കിൽ എന്റെ പാദങ്ങൾ മാത്രമല്ല, കരങ്ങളും ശിരസ്സുംകൂടി കഴുകണമേ! ഈശോ പ്രതിവചിച്ചു: കുളികഴിഞ്ഞവന്റെ കാലുകൾ മാത്രമേ കഴുകേണ്ടതുള്ളു. അവൻ മുഴുവൻ ശുചിയായിരിക്കും. നിങ്ങളും ശുദ്ധിയുള്ളവരാണ്; എന്നാൽ എല്ലാവരുമല്ല.

തന്നെ ഒറ്റിക്കൊടുക്കുന്നവൻ ആരാണെന്ന് അവൻ അറിഞ്ഞിരുന്നു; അതുകൊണ്ടാണ് നിങ്ങളിൽ എല്ലാവരും ശുദ്ധിയുള്ളവരല്ല എന്ന് അവൻ പറഞ്ഞത്.

അവരുടെ പാദങ്ങൾ കഴുകിയതിനുശേഷം അവൻ മേലങ്കി ധരിച്ച്, സ്വസ്ഥാനത്തിരുന്ന് അവരോടു പറഞ്ഞു: ഞാനെന്താണു നിങ്ങൾക്കു ചെയ്തതെന്ന് നിങ്ങൾ അറിയുന്നുവോ? നിങ്ങൾ എന്നെ ഗുരു എന്നും കർത്താവ് എന്നും വിളിക്കുന്നു. അതു ശരിതന്നെ, ഞാൻ ഗുരുവും കർത്താവുമാണ്. നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ, നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം.

അവർ ഭക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ ഈശോ അപ്പമെടുത്ത് ആശീർവദിച്ചു മുറിച്ച് ശിഷ്യന്മാർക്കു കൊടുത്തുകൊണ്ട് അരുൾച്ചെയ്തു: വാങ്ങി ഭക്ഷിക്കുവിൻ; ഇത് എന്റെ ശരീരമാണ്. അനന്തരം പാനപാത്രമെടുത്ത് കൃതജ്ഞതാസ്തോത്രം ചെയ്ത് അവർക്കു കൊടുത്തുകൊണ്ടു പറഞ്ഞു: നിങ്ങളെല്ലാവരും ഇതിൽനിന്നു പാനം ചെയ്യുവിൻ. ഇതു പാപമോചനത്തിനായി അനേകർക്കുവേണ്ടി ചിന്തപ്പെടുന്നതും ഉടമ്പടിയുടേതുമായ എന്റെ രക്തമാണ്. ഞാൻ നിങ്ങളോടു പറയുന്നു: എന്റെ പിതാവിന്റെ രാജ്യത്തിൽ നിങ്ങളോടൊത്തു നവമായി ഇതു പാനംചെയ്യുന്ന ദിവസംവരെ മുന്തിരിയുടെ ഈ ഫലത്തിൽനിന്നു ഞാൻ വീണ്ടും കുടിക്കുകയില്ല. സ്തോത്രഗീതം ആലപിച്ചശേഷം അവർ ഒലിവുമലയിലേക്കു പോയി.

**സമൂ.** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

## വചനസന്ദേശം

## കാൽകഴുകൽ ശുശ്രൂഷ

*കാൽകഴുകൽ ശുശ്രൂഷയുടെ സമയത്ത് സമൂഹം ഇരിക്കുന്നു.*

**ശുശ്രൂ.** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമി.** ഞങ്ങളുടെ കർത്താവും ഗുരുവുമായ മിശിഹായേ, അന്ത്യ അത്താഴവേളയിൽ നീ ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിക്കൊണ്ട് എളിമയുടെയും ശുശ്രൂഷയുടെയും ആത്മസമർപ്പണത്തിന്റെയും മാതൃക നല്കുകയും അത് അനുകരിക്കാൻ ഞങ്ങളോട് ആവശ്യപ്പെടുകയും ചെയ്തു.

**ജീവദായകമായ നിന്റെ കല്പന അനുസരിച്ചുകൊണ്ട് ഈ ശുശ്രൂഷ യഥായോഗ്യം നിർവഹിക്കാനും പരസ്പര സ്നേഹത്തിലൂടെ ഇതിന്റെ ചൈതന്യം അനുദിന ജീവിതത്തിൽ നിലനിർത്താനും ഞങ്ങളെ അനുഗ്രഹിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.**

സമൂ. **ആമ്മേൻ.**

കാൽകഴുകലിന്റെ ഗീതം ആരംഭിക്കുന്നു. ഈ സമയത്ത് കാർമികൻ കാപ്പ മാറ്റിവച്ച്, വെള്ളക്കച്ച അരയിൽ ചുറ്റി, ശുശ്രൂഷികളുടെ സഹായത്തോടുകൂടെ കാലുകഴുകപ്പെടുന്നതിനായി നിയുക്തരായിരിക്കുന്ന പന്ത്രണ്ടുപേരുടെ വലതു പാദങ്ങൾ കഴുകിത്തുടയ്ക്കുകയും ചുംബിക്കുകയും ചെയ്യുന്നു. അനന്തരം, കാർമികൻ അരയിൽ ചുറ്റിയിരിക്കുന്ന വെള്ളക്കച്ച മാറ്റുകയും കൈകഴുകിത്തുടയ്ക്കുകയും ചെയ്യുന്നു. അതിനുശേഷം അദ്ദേഹം കാപ്പ വീണ്ടും ധരിക്കുന്നു.

## കാൽകഴുകലിന്റെ ഗീതം
## (1)

**താലത്തിൽ വെള്ളമെടുത്തു
വെൺകച്ചയുമരയിൽ ചുറ്റി
മിശിഹാ തൻ ശിഷ്യന്മാരുടെ
പാദങ്ങൾ കഴുകി.**

**വിനയത്തിൻ മാതൃക നല്കാൻ
സ്നേഹത്തിൻ പൊൻകൊടി നാട്ടാൻ
സകലേശൻ ദാസന്മാരുടെ
പാദങ്ങൾ കഴുകി.**

**സ്നേഹത്തിൻ ചിറകുവിരിഞ്ഞു
'രാജാളി' തെളിഞ്ഞുപറഞ്ഞു,
'സ്നേഹിതരേ, നിങ്ങൾക്കിന്നൊരു
മാതൃക ഞാനേകി.'**

**ഗുരുവെന്നു വിളിപ്പൂ നിങ്ങൾ
പരമാർഥതയുണ്ടതിലെങ്കിൽ
ഗുരുനല്കിയ പാഠം നിങ്ങൾ
സാദരമോർത്തിടുവിൻ.**

**പാദങ്ങൾ കഴുകിയ ഗുരുവിൻ
ശിഷ്യന്മാർ നിങ്ങൾ, അതോർത്താൽ
അന്യോന്യം പാദം കഴുകാൻ
ഉത്സുകരായ്ത്തീരും.**

വത്സലരേ, നിങ്ങൾക്കായ് ഞാൻ
നല്കുന്നൂ പുതിയൊരു നിയമം
സ്നേഹിപ്പിൻ സ്വയമെന്നതുപോൽ
അന്യോന്യം നിങ്ങൾ.

അവനിയിലെൻ ശിഷ്യഗണത്തെ
അറിയാനുള്ളടയാളമിതാ:
സ്നേഹിപ്പിൻ സ്വയമെന്നതുപോൽ
അന്യോന്യം നിങ്ങൾ.

സ്നേഹിതനെ രക്ഷിപ്പതിനായ്
ജീവൻ ബലി ചെയ്വതിനെക്കാൾ
ഉന്നതമാം സ്നേഹം പാർത്താൽ
മറ്റെന്തുണ്ടുലകിൽ?

ഞാനേകിയ കല്പനയെല്ലാം
പാലിച്ചു നടന്നിടുമെങ്കിൽ
നിങ്ങളിലെൻ നയനം പതിയും
സ്നേഹിതരായ്ത്തീരും.

ദാസന്മാരെന്നു വിളിക്കാ,
നിങ്ങളെ ഞാനിനിയൊരുനാളും
സ്നേഹിതരായ്ത്തീർന്നൂ, ചിരമെൻ
വത്സലരേ, നിങ്ങൾ.

(അല്ലെങ്കിൽ)

(2)

(മിശിഹാ പാറോക്കേ ...)

ഗായക. ജനങ്ങളേ, വന്നു ശ്രവിക്കുവിൻ.

സമൂ. മാനവപാപം നീക്കീടാൻ
മർത്ത്യനു രക്ഷ കനിഞ്ഞരുളാൻ
ബലിയായ് തിരുമെയ് നല്കിയൊരാ
മിശിഹാനാഥനെ വാഴ്ത്തീടാം.
ശിഷ്യഗണത്തിൻ പാദങ്ങൾ
കഴുകി നാഥൻ വിനയമൊടേ
സേവനമാതൃക നല്കിയൊരാ
നാഥനെ വാഴ്ത്തി നമിച്ചീടാം.

ഗായക. കർത്താവിന്റെ അദ്ഭുതങ്ങൾ ആരു വിവരിക്കും?

സമൂ. കൃപചൊരിയും നിൻ സ്നേഹത്തിൻ
പൂർണതയെങ്ങനെ വർണിക്കും!
വചനത്തിൻ പരികർമത്താൽ
മാതൃകയങ്ങു കനിഞ്ഞേകി.

ദാസനു സമനായ് ശിഷ്യർ തൻ
പാദങ്ങൾ നീ കഴുകുകയാൽ
ആധ്യാത്മികമാം മാതൃക നീ
ഞങ്ങളെയന്നു പഠിപ്പിച്ചു.

ഗായക. നിങ്ങളെല്ലാവരും ഇതു ശ്രവിക്കുവിൻ.

സമൂ. ദിവ്യരഹസ്യം സെഹിയോനിൽ
സ്ഥാപിച്ചിടും സുദിനത്തിൽ
ശിഷ്യഗണത്തോടു തിരുനാഥൻ
അരുൾച്ചെയ്തല്ലോ സാമോദം:
'ഗുരുവും നാഥനുമാകും ഞാൻ
കഴുകീ താവക പാദങ്ങൾ
ഞാനീ ചെയ്തതുപോലിനിമേൽ
നിങ്ങളുമെന്നും ചെയ്യേണം.'

ഗായക. അവൻ കണ്ടു വിറയൽപൂണ്ടു.

സമൂ. ഓറെശ്ലത്താ ഗേഹത്തിൽ
നിറവേറുന്ന രഹസ്യങ്ങൾ
മാലാഖമാർ ദർശിക്കേ
വിസ്മയപൂരിതരായല്ലോ.
മഹിമ നിറഞ്ഞവനാം നാഥൻ
ബലിചെയ്യും നിജദേഹത്താൽ
ശിഷ്യഗണത്തിൻ പാദങ്ങൾ
കഴുകീ പെസഹാത്തിരുനാളിൽ.

ഗായക. വരുവിൻ, നമുക്കു കർത്താവിനെ സ്തുതിക്കാം.

സമൂ. വിനയം നിറയും മനമോടെ
ശിഷ്യഗണത്തിൻ പാദങ്ങൾ
കഴുകിയ നാഥനെ വാഴ്ത്തീടാം
ഉത്തമമാം സ്വരഗീതികളാൽ.
പരസ്നേഹത്തിൻ നിർഝരികൾ
നാഥൻ തന്നു നമുക്കായി
നാമതു നിത്യവുമന്യൂനം
സഹജർക്കേകണമൻപോടെ.

ഗായക. നിർമലമനോഭാവം കൈവരിക്കുവിൻ.

സമൂ. അപ്പം നാഥൻ വിഭജിക്കേ,
മലിനതയോലും മനമോടേ
ഭക്ഷിക്കുകയാൽ യൂദാസിൽ
സാത്താനുടനേ കുടിയേറി.

നന്ദിമറന്നു, മറഞ്ഞല്ലോ
യൂദാസിരുളിൻ വീഥികളിൽ
ദുഷ്ടതനിറയും ഹൃദയത്തിൽ
ദൈവത്തിൻ വിളി കേൾക്കാതായ്.

ഗായക. പരമാർഥഹൃദയമുള്ളവർക്ക്.

സമൂ. മഹിമ നിറഞ്ഞ രഹസ്യങ്ങൾ
നാഥൻ ശിഷ്യർക്കന്നേകി
ലോകർക്കഖിലം പാപത്തിൻ
മുക്തിക്കായ് തിരുബലിയായി.
തിരുമെയ് സദയം വിഭജിച്ചു
തിരുരക്തവുമവനർപ്പിച്ചു
കനിവിൽ മാനവവംശത്തെ
രക്ഷിച്ചവനെ വാഴ്ത്തീടാം.

ഗായക. ആനന്ദപൂർവം സ്തുതി പാടുവിൻ.

സമൂ. ഇന്നീ പെസഹാത്തിരുനാളിൽ
മോദം പകരുക ഞങ്ങളിൽ നീ
നാഥാ സ്തുതികൾ പാടീടാൻ
ഞങ്ങളിലെന്നും കനിയേണം.
വഞ്ചനയെല്ലാം നീങ്ങീടാൻ
കുരിശാൽ രക്ഷ പകർന്നിടണേ
നിൻഹിതമനിശം നിറവേറ്റാൻ
ബലവും ധൈര്യവുമരുളേണം.

ഗായക. അവൻ ദരിദ്രരെ തന്റെ മാർഗം പഠിപ്പിക്കുന്നു.

സമൂ. പെസഹാനിശയിൽ തിരുനാഥൻ
ശിഷ്യഗണത്തൊടു കല്പിച്ചു:
നിങ്ങളെ ഞാൻ സ്നേഹിച്ചതുപോൽ
തമ്മിൽത്തമ്മിൽ സ്നേഹിപ്പിൻ.
നിങ്ങൾക്കായ് ഞാൻ പീഡകളും
സഹനവുമിന്നു വരിക്കുന്നു
രക്ഷയുമുയിരും നരനേകാൻ
പുണരും മൃതിയാ കുരിശിൽ ഞാൻ.

ഗായക. നിങ്ങളെല്ലാവരും ശ്രദ്ധിക്കുവിൻ.

സമൂ. കർത്താവേ, നിൻ കൃപയാലേ
കാൽവരിമലയിൽ കുരിശിന്മേൽ
പീഡകളേറ്റു മരിച്ചു നീ
സൃഷ്ടികുലത്തിൻ രക്ഷകനായ്.

ജീവൻ നല്കീ മർത്ത്യർക്കായ്
അനുതാപികളെ രക്ഷിച്ചു
തിരുവുത്ഥാനം നരനേകീ
മോചനമരുളും നവജീവൻ.

ഗായക. കർത്താവു തന്റെ രക്ഷ കാണിച്ചിരിക്കുന്നു.

സമൂ. വേദന തിങ്ങിയ നിമിഷത്തിൽ
സ്വേദകണങ്ങൾ നിണമായി
ഗദ്ഗദമുയരും ഹൃദയത്തിൽ
ജാഗ്രതയോടെ പ്രാർഥിച്ചു.
'നിങ്ങൾ പരീക്ഷയിൽ വീഴാതെ
പ്രാർഥിക്കാ'നുപദേശിച്ചു
താതഹിതം നിറവേറ്റാനായ്
സ്വയമൊരു ബലിയായർപ്പിച്ചു.

കാൽകഴുകൽകർമം കഴിഞ്ഞ് കാർമികനും ശുശ്രൂഷികളും വചനവേദിയിൽ വന്നു നില്ക്കുമ്പോൾ, ഗീതം അവസാനിപ്പിക്കുന്നു. തുടർന്ന് കാറോസൂസ.

## പ്രഘോഷണപ്രാർഥനകൾ (കാറോസൂസ)

ശുശ്രൂ. നമുക്കെല്ലാവർക്കും അനുതാപത്തോടും ഭക്തിയോടുംകൂടെ നിന്ന് 'കർത്താവേ ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ' എന്നു പ്രാർഥിക്കാം.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. നാല്പതു ദിനരാത്രങ്ങൾ മരുഭൂമിയിൽ ഉപവാസത്തിലും പ്രാർഥനയിലും ചെലവഴിച്ച മിശിഹായേ, തപസ്സിന്റെയും പ്രായശ്ചിത്തത്തിന്റെയും ചൈതന്യത്തിൽ ജീവിക്കാനും പ്രാർഥനാരൂപിയിൽ വളരാനും ഞങ്ങളെ അനുഗ്രഹിക്കണമെന്നു പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടായ മിശിഹായേ, ഞങ്ങളുടെയും മറ്റുള്ളവരുടെയും പാപങ്ങൾക്കു പരിഹാരമനുഷ്ഠിക്കാൻ ഞങ്ങളെ ശക്തരാക്കണമെന്നു പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. 'ഞാൻ സ്വർഗത്തിൽനിന്നിറങ്ങിവന്ന അപ്പമാകുന്നു. എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ നിത്യരക്ഷ പ്രാപിക്കും' എന്നരുൾച്ചെയ്ത കർത്താവേ, നിന്റെ ശരീരരക്തങ്ങൾ സ്വീകരിച്ച് നിത്യജീവിതത്തിന് യോഗ്യരാകാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്നു പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. 'ഞാൻ ഈ ചെയ്തത് നിങ്ങൾ എന്റെ ഓർമയ്ക്കായി ചെയ്യുവിൻ' എന്നരുൾച്ചെയ്ത കർത്താവേ, ഈ ബലിയിൽ പങ്കുചേർന്ന് നിന്റെ രക്ഷാകരസ്നേഹം നിരന്തരം അനുഭവിക്കാൻ ഞങ്ങളെ സഹായിക്കണമെന്നു പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. ശിഷ്യന്മാരുടെ പാദങ്ങൾ കഴുകി വിനയത്തിന്റെയും ആത്മസമർപ്പണത്തിന്റെയും മാതൃക നല്കിയ കർത്താവേ, സഹോദരങ്ങളെ എളിമയോടെ ശുശ്രൂഷിക്കാൻ ഞങ്ങളെ ശക്തരാക്കണമെന്നു പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. 'നിങ്ങൾ പരസ്പരം പാദങ്ങൾ കഴുകുവിൻ' എന്നരുൾച്ചെയ്ത കർത്താവേ, വിനയത്തിന്റെയും ശൂന്യവത്കരണത്തിന്റെയും ജീവിതം നയിക്കാൻ ഞങ്ങളെ ശക്തരാക്കണമെന്നു പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. ഒരേ അപ്പത്തിൽനിന്നു ഭക്ഷിക്കുകയും ഒരേ പാനപാത്രത്തിൽനിന്നു പാനം ചെയ്യുകയും ചെയ്യുന്ന ഞങ്ങൾ സ്നേഹത്തിലും ഐക്യത്തിലും ജീവിക്കാൻ ഇടവരുത്തണമെന്നു പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. 'ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ' എന്ന കല്പന നല്കിയ കർത്താവേ, അന്യോന്യം സ്നേഹിച്ചുകൊണ്ട് നിന്റെ ശിഷ്യർക്ക് ഉചിതമായ ജീവിതം നയിക്കാൻ ഞങ്ങളെ സഹായിക്കണമെന്നു പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. പ്രാർഥനയുടെയും പരിത്യാഗത്തിന്റെയും മാർഗത്തിൽ ഞങ്ങളെ നയിക്കാൻ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും മറ്റെല്ലാ മെത്രാന്മാരെയും ആത്മീയ നന്മകൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. കർത്താവായ മിശിഹായേ, നിന്റെ കൃപയാൽ ഞങ്ങളെ എല്ലാവരെയും രക്ഷിക്കുകയും നിന്റെ ശാന്തിയും സമാധാനവും ഞങ്ങളിൽ വർധിപ്പിക്കുകയും ചെയ്യണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. നമുക്കെല്ലാവർക്കും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

കാർമി. അങ്ങയുടെ ഏകപുത്രനെ പെസഹാക്കുഞ്ഞാടായി ഞങ്ങൾക്കു നല്കിയ പിതാവായ ദൈവമേ, ഞങ്ങൾ അങ്ങേക്കു നന്ദി പറയുന്നു. അങ്ങയുടെ മഹനീയമായ ഈ ദാനം പരസ്പര സ്നേഹത്തിൽ ജീവിക്കാൻ ഞങ്ങളെ ശക്തരാക്കട്ടെ. അവിടത്തെ തിരുശ്ശരീരരക്തങ്ങൾ ഞങ്ങൾക്ക് നിത്യസൗഭാഗ്യത്തിന് കാരണമായിത്തീരുകയും ചെയ്യട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

ശുശ്രൂ. കർത്താവേ, ആശീർവദിക്കണമേ.
സഹോദരരേ, നിങ്ങൾ കൈവയ്പിനായി തലകുനിക്കുകയും ആശീർവാദം സ്വീകരിക്കുകയും ചെയ്യുവിൻ.

എല്ലാവരും തല കുനിക്കുന്നു. കാർമികൻ കുനിഞ്ഞുനിന്ന് താഴെവരുന്ന കൈവയ്പുപ്രാർഥന താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

**കാർമി.** കർത്താവേ, ശക്തനായ ദൈവമേ, അങ്ങയുടെ അഭിഷിക്തൻ കഠിനമായ പീഡകളനുഭവിച്ചു വീണ്ടെടുത്ത അജഗണമായ പരിശുദ്ധ കത്തോലിക്കാസഭ അങ്ങയുടേതാകുന്നു. ദൈവസ്വഭാവത്തിൽ അങ്ങുമായി ഒന്നായിരിക്കുന്ന പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ യഥാർഥ പൗരോഹിത്യത്തിന്റെ പദവികൾ കൈവയ്പുവഴി നല്കപ്പെടുന്നു. വിശ്വാസികൾക്ക് ആത്മീയ ശുശ്രൂഷ ചെയ്യുന്നതിനു പരിശുദ്ധമായ സഭാശരീരത്തിലെ സവിശേഷ അംഗങ്ങളാകാൻ നിസ്സാരരും ബലഹീനരുമായ ഞങ്ങളെ അങ്ങു കാരുണ്യാതിരേകത്താൽ യോഗ്യരാക്കി. കർത്താവേ, അങ്ങയുടെ കൃപാവരം ഞങ്ങളിൽ നിറയ്ക്കുകയും അങ്ങയുടെ ദാനങ്ങൾ ഞങ്ങളുടെ കരങ്ങൾവഴി വർഷിക്കുകയും ചെയ്യണമേ. അങ്ങയുടെ കാരുണ്യവും അനുഗ്രഹവും ഞങ്ങളുടെയും അങ്ങു തിരഞ്ഞെടുത്ത ഈ ജനത്തിന്റെയുംമേൽ ഉണ്ടാകുമാറാകട്ടെ.

കാർമികൻ നിവർന്നുനിന്ന് ഉയർന്നസ്വരത്തിൽ ചൊല്ലുന്നു.

**കാർമി.** കരുണാനിധിയായ ദൈവമേ, ഞങ്ങളെല്ലാവരും ഒന്നുചേർന്ന് ഞങ്ങളെ അങ്ങുമായി രമ്യതപ്പെടുത്തുന്ന നീതിയുടെ പ്രവൃത്തികളാൽ ജീവിതകാലം മുഴുവനും അങ്ങയെ യഥോചിതം പ്രീതിപ്പെടുത്താൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും നിരന്തരം സമർപ്പിക്കാൻ ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

**ശുശ്രൂ.** മാമോദീസ സ്വീകരിക്കുകയും ജീവന്റെ അടയാളത്താൽ മുദ്രിതരാകുകയും ചെയ്തവർ ഭക്തിയോടും ശ്രദ്ധയോടുംകൂടെ വിശുദ്ധരഹസ്യങ്ങളിൽ പങ്കുകൊള്ളട്ടെ.

താഴെവരുന്നപ്രാർഥനകൾ കാർമികൻ താഴ്ന്നസ്വരത്തിൽ ചൊല്ലി കൈകൾ കഴുകുമ്പോൾ ദിവ്യരഹസ്യഗീതം ആരംഭിക്കുന്നു.

**കാർമി.** സകലത്തിന്റെയും നാഥനായ ദൈവം തന്റെ കൃപാസമുദ്രത്തിൽ നമ്മുടെ കടങ്ങളുടെയും പാപങ്ങളുടെയും കറ കഴുകിക്കളയട്ടെ.

കൈകൾ തുടയ്ക്കുമ്പോൾ ചൊല്ലുന്നു.

കർത്താവു തന്റെ കൃപയാലും അനുഗ്രഹത്താലും നമ്മുടെ പാപങ്ങളുടെ മാലിന്യം തുടച്ചുനീക്കുകയും ചെയ്യട്ടെ.

താഴെവരുന്ന ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ) ആലപിക്കുന്നു / ചൊല്ലുന്നു.

## ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

(ബ്രീകീത്തോൻ ... / മിശിഹാകർത്താവിൻ തിരുമെയ് ...)

ഗായക. വരുവിൻ, നമുക്കു കർത്താവിനെ വാഴ്ത്താം.

സമൂ. കുരിശിൽ ഭീകരമാം
പീഡകളേറ്റിടാൻ
പോകുകയായ് നാഥൻ.
പാവനമാം ബലിവേദികയിൽ
കാണ്മൂ ദിവ്യരഹസ്യങ്ങൾ
നാമിന്നീശോമിശിഹാതൻ
ബലിതൻ ഓർമയിൽ മുഴുകുന്നു.
വാഴ്ത്തിടാം വിണ്ണിൻ ദാനങ്ങൾ.

ഗായക. കർത്താവിനെ പ്രതീക്ഷിച്ച് അവനിൽ പ്രത്യാശയർപ്പിക്കുവിൻ.

സമൂ. കുരിശിൽ ഭീകരമാം ...

(അല്ലെങ്കിൽ)

ഗായക. വരുവിൻ, നമുക്കു കർത്താവിനെ വാഴ്ത്താം.

സമൂ. കുരിശിലെ പീഡാസഹനത്തിനായി നയിക്കപ്പെടുന്ന മിശിഹായെ നമ്മുടെ ആന്തരിക നയനങ്ങൾകൊണ്ട് ഈ ദിവ്യരഹസ്യങ്ങളിലൂടെ സ്നേഹപൂർവം വീക്ഷിക്കാം. വിശുദ്ധമായ അൾത്താരയിൽ ജീവദായകമായ ബലി അർപ്പിക്കപ്പെടുന്നു. നമുക്ക് അവിടത്തെ മരണത്തിന്റെ ഓർമ ആചരിക്കുകയും മാലാഖമാരോടൊപ്പം ഉച്ചത്തിൽ കീർത്തനങ്ങൾ ആലപിക്കുകയും ചെയ്യാം. 'അവർണനീയമായ ദാനത്തെ പ്രതി അങ്ങേക്കു സ്തുതി'.

ഗായക. കർത്താവിനെ പ്രതീക്ഷിച്ച് അവനിൽ പ്രത്യാശയർപ്പിക്കുവിൻ.

സമൂ. കുരിശിലെ പീഡാസഹനത്തിനായി ...

(തുടർന്നുള്ള പ്രാർഥനകൾക്ക് കുർബാനക്രമം കാണുക.)

ഇന്നേദിവസം മൂന്നാമത്തെ കൂദാശക്രമം (മാർ നെസ്തോറിയസിന്റെ കൂദാശക്രമം) ഉപയോഗിക്കുന്നു.

## ദിവ്യകാരുണ്യഗീതം (ഓനീസാ ദ്‌വേമ്മ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

**സമൂ.** പാപികളാകും മർത്ത്യർക്കായി
മിശിഹാനാഥൻ പീഡകളേറ്റു.
നല്കുകയായീ തിരുനാഥൻ തൻ
ഗാത്രവുമതുപോൽ രക്തവുമിപ്പോൾ.
അനുതാപത്തിൻ ചിന്തകളോടേ
കൈക്കൊള്ളുക നാം ദിവ്യരഹസ്യം.

(അല്ലെങ്കിൽ)

**സമൂ.** നമുക്കുവേണ്ടി പീഡകൾ സഹിച്ച മിശിഹായുടെ തിരുശ്ശരീരവും തിരുരക്തവും അനുതാപത്തോടെ നമുക്കു സ്വീകരിക്കാം.

## അനുഗീതം (ഓനീസാ ദ്‌വാത്തേ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

**ശുശ്രൂ.** മെസ്രേൻ നാട്ടിലെ പെസഹാകർമം
നിറവേറുകയായ് ഈ സുദിനത്തിൽ.
പെസഹാമേഷം ദൈവകുമാരൻ
പാരിതിനേകീ ദിവ്യശരീരം.
വിനയാന്വിതരായ് കൈക്കൊള്ളുക നാം
മിശിഹാതൻ തിരുനിണഗാത്രങ്ങൾ.

(അല്ലെങ്കിൽ)

**ശുശ്രൂ.** ഈജിപ്തിലെ ആ സായംസന്ധ്യയിലാരംഭിച്ച രക്ഷാകർമം പൂർത്തിയാക്കപ്പെട്ട ഈ പെസഹാദിനം അനുഗൃഹീതമാകുന്നു. മോശ ഈജിപ്തിൽ ആചരിച്ച പെസഹാ, ദൈവപുത്രനായ മിശിഹായിൽ പൂർത്തിയായിരിക്കുന്നു. പെസഹാക്കുഞ്ഞാടായ മിശിഹായുടെ ശരീരം ഇതാ നമുക്കായി വിഭജിക്കപ്പെട്ടിരിക്കുന്നു. നമുക്ക് അവിടത്തെ സമീപിക്കാം.

## കൃതജ്ഞതാപ്രാർഥനകൾ

**കാർമി.** കർത്താവായ ദൈവമേ, അങ്ങയുടെ തിരുവചനം ശ്രവിക്കാനും കീർത്തനങ്ങൾ ആലപിച്ചുകൊണ്ട് അങ്ങയെ സ്തുതിക്കാനും അങ്ങ് ഞങ്ങളെ യോഗ്യരാക്കി. ഞങ്ങൾക്കായി അങ്ങ് ഒരുക്കിയിരിക്കുന്ന സ്വർഗസൗഭാഗ്യം അനുഭവിച്ച് അങ്ങയെ നിരന്തരം പാടിപ്പുകഴ്ത്താൻ ഞങ്ങൾ അർഹരാകട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ.** ആമ്മേൻ. കർത്താവേ, ആശീർവദിക്കണമേ.

**കാർമി.** ഞങ്ങളുടെ നാഥനും രക്ഷകനുമായ മിശിഹായേ, നീ കുരിശുമരണത്താൽ ഞങ്ങളുടെ പാപങ്ങൾ മോചിക്കുകയും തിരുശ്ശരീരരക്തങ്ങളാൽ ഞങ്ങളെ സമ്പന്നരാക്കുകയും ചെയ്തു. നിന്നോടൊത്തു നിത്യം വസിക്കാൻ ഈ ദിവ്യകൂദാശ ഞങ്ങൾക്കു കാരണമായിത്തീരട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

## സമാപനാശീർവാദം

(തൂയെ ... / കർത്താവാം മിശിഹാവഴിയായ് ...)

**കാർമി.** സ്നേഹപിതാവാം സകലേശൻ
പാപികളാകും മർത്ത്യർക്കായ്
പാരിലയച്ചു കനിവോടെ
ഏകാത്മജനാം മിശിഹായെ.

ജീവൻ നല്കാൻ സ്ഥാപിച്ചു
പരിപൂജിതമാം കുർബാന,
ദൈവികമാം വരദാനങ്ങൾ
പാവനറൂഹാ ചൊരിയുന്നു.

എന്റെ ശരീരം ഭക്ഷിക്കും
എൻ രക്തം പാനം ചെയ്യും
മാനവനെന്നിൽ നിവസിക്കും
അവനിൽ ഞാനും, നിശ്ചയമായ്.

വിധിയിൽ വീഴാതവനെ ഞാൻ
അന്തിമദിവസമുയിർപ്പിക്കും
നിത്യായുസ്സവനേകും ഞാൻ
ഏവം നാഥനരുൾ ചെയ്തു.

ശിഷ്യന്മാരുടെ പാദങ്ങൾ
കഴുകിയ നാഥൻ നല്കിയതാം
മാതൃകപോലെ സകലർക്കും
സേവനമെന്നും ചെയ്തിടുവിൻ.

ജീവനെഴും തിരുസ്ലീവായാൽ
നിങ്ങൾ മുദ്രിതരാകട്ടെ
സംരക്ഷിതരായ്ത്തീരട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

**സമൂ.** ആമ്മേൻ.

(അല്ലെങ്കിൽ)

കാർമി. തന്റെ ഏകജാതനെ നല്കാൻ തക്കവിധം പാപികളായ നമ്മെ സ്നേഹിച്ച പിതാവായ ദൈവത്തെ നമുക്കു സ്തുതിക്കാം. സ്നേഹത്തിന്റെ നിത്യസ്മാരകമായി വിശുദ്ധ കുർബാന സ്ഥാപിക്കുകയും, 'എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കും' എന്നരുൾച്ചെയ്യുകയും ചെയ്ത രക്ഷകനായ മിശിഹായെ നമുക്കു വാഴ്ത്താം. വരപ്രസാദങ്ങൾ ചൊരിഞ്ഞുകൊണ്ട് നമ്മിൽ നിത്യം വസിക്കുന്ന പരിശുദ്ധാത്മാവിനു നന്ദി പറയാം. ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിയ മിശിഹായെ അനുകരിച്ച് സഹോദരങ്ങൾക്കു സേവനം ചെയ്യാനും ദൈവത്തെ പ്രീതിപ്പെടുത്താനും അവിടന്നു നമ്മെ ശക്തരാക്കട്ടെ. നാം സ്വീകരിച്ച തിരുശരീരരക്തങ്ങൾ നമുക്കു നിത്യജീവിതത്തിന്റെ അച്ചാരമായി ഭവിക്കട്ടെ. ഇന്നത്തെ തിരുക്കർമങ്ങളിൽ സംബന്ധിച്ച നിങ്ങളെല്ലാവരെയും സർവശക്തനായ ദൈവം അനുഗ്രഹിക്കട്ടെ. കർത്താവിന്റെ കുരിശിന്റെ സജീവമായ അടയാളത്താൽ നിങ്ങളെല്ലാവരും മുദ്രിതരും എല്ലാ വിപത്തുകളിലുംനിന്നു സംരക്ഷിതരുമാകട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമൂ. ആമ്മേൻ.

പരിശുദ്ധകുർബാന മാറ്റിസ്ഥാപിക്കുന്നുണ്ടെങ്കിൽ, കാർമികൻ ശുശ്രൂഷികളോടും സഹായികളോടുമൊപ്പം പ്രത്യേകം സജ്ജീകരിച്ചിരിക്കുന്ന സ്ഥലത്ത് പരിശുദ്ധകുർബാന കൊണ്ടുപോയി വയ്ക്കുന്നു. ഇന്നേദിവസം പരിശുദ്ധകുർബാന അരുളിക്കയിൽവച്ചുള്ള ആഘോഷമായ ആരാധനയോ ആശീർവാദമോ നടത്തുന്നില്ല. പകരം, സക്രാരി തുറന്നുവച്ചുകൊണ്ടാണ് ആരാധന നടത്തുന്നത്.